## നാട്ടുവിശേഷം



*വ്യാപാരിവ്യവസായികോൺഗ്രസ്സംസ്ഥാനവൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട പാളയം അശോക്.*

### ശ്രീഭദ്ര വനിതാ - യുവജന - ബാലവേദി വാർഷികവും പുതുവത്സരാഘോഷവും

തിരുവനന്തപുരം: ശ്രീഭദ്ര വനിതാ - യുവജന - ബാലവേദി ഒന്നാം വാർഷികവും പുതുവത്സരാഘോഷവും കരിയം ദേവീക്ഷേത്ര ഉത്രം ആഡിറ്റോറിയത്തിൽ അഡ്വ. പി. സലിംഖാൻ ഉദ്ഘാടനം നിർവഹിച്ചു. വനിതാവേദി പ്രസിഡന്റ്ഗിരിജാവിജയൻ അദ്ധ്യക്ഷത വഹിച്ചു. വനിതാവേദി സെക്രട്ടറി ഗിരിജാ രാജപ്പൻ, കെ.വി. സൂര്യഗായത്രി, ജി.എച്ച്.ആർ.എ ട്രഷറർ എലിസബത്ത്, അനുപമ, ഫ്രാറ്റ് ശ്രീകാര്യം സെക്രട്ടറി പി.എസ്. സന്തോഷ്കുമാർ തുടങ്ങിയവർ സംസാരിച്ചു.

### സൗജന്യ ക്രാഷ്കോഴ്സ്

തിരുവനന്തപുരം: പട്ടം എൽ.ഐ.സിക്ക് എതിർവശം ജനുവരി മുതൽ മാർച്ച്‌വരെ 1 മുതൽ പത്ത്,പ്ലസ്‌വൺ,പ്ലസ്ടുക്ലാസുകളിലെനിർദ്ധനരായ കുട്ടികൾക്ക് സൗജന്യമായി ക്രാഷ് കോഴ്സും പരീക്ഷാ തയാറെടുപ്പും ടൈം മാനേജ്മെന്റും പഠിപ്പിക്കുന്നു. ഫോൺ: 9061040222, 8281074111.

### ഭാരവാഹികൾ



*പാലോട്‌രവി*

തിരുവനന്തപുരം: ആൾ കേരള അൺ എയ്ഡഡ് പ്രൈവറ്റ്സ്കൂൾ ആൻഡ് കോളേജ് നോൺ ടീച്ചിംഗ് സ്റ്റാഫ് അസോസിയേഷൻ സംസ്ഥാന ഭാരവാഹികളായി പാലോട് രവി (പ്രസിഡന്റ്), നൗഷാദ് കായ്പാടി (ജനറൽ സെക്രട്ടറി), ജോൺ. ജി. കൊട്ടറ, കാച്ചാണി ശ്രീകണ്ഠൻ (വൈസ് പ്രസിഡന്റുമാർ), പി.എം. അബ്ദുൽഖാദർ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

### കവിതാരചന മത്സരം

വർക്കല: മാതൃഭാഷാദിനം പ്രമാണിച്ച് അനിയാവാ സാഹിത്യസംഘം കവിതാരചന മത്സരം നടത്തുന്നു. രചനകൾ ഫെബ്രുവരി 5ന് മുമ്പ് സെക്രട്ടറി കെ.കെ.രശ്മി, സീമാനിവാസ്, ഗ്ഡ്ഷെഡ്റോഡ്, മൈതാനം വർക്കല എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

മാതൃഭാഷാദിനമായ ഫെബ്രുവരി 21ന് വിജയികൾക്കുള്ള സമ്മാനം വിതരണം ചെയ്യും. ഫോൺ: 9946152772

### കോവിൽവിള ഗണപതിക്ഷേത്രം

വർക്കല: ചെറുന്നിയൂർ കോവിൽവിള ഗണപതിക്ഷേത്രത്തിലെ പുണർതം തിരുനാൾ മഹോത്സവവും പ്രതിഷ്ഠാ വാർഷികവും നാളെ നടക്കും. രാവിലെ 5.30ന് ഗണപതിഹോമം, 8ന് പാരായണം, 10ന് കലശാഭിഷേകം, 12.30ന് അന്നദാനം, രാത്രി 8.30ന് ചമയവിളക്ക്, ചെണ്ടമേളം, 9.45ന് വിവിധ മേഖലകളിൽ മികച്ച വിജയം കരസ്ഥമാക്കിയവരെ അനുമോദിക്കൽ, 10ന് ക്ലാസിക്കൽ ഡാൻസ്, 10.30ന് നാടകം.

### തോപ്പിൽ ദുർഗാദേവീ ക്ഷേത്രം

വർക്കല: വെട്ടൂർ തോപ്പിൽ ദുർഗാദേവീ ക്ഷേത്രത്തിലെ പുണർതം തിരുനാൾ മഹോത്സവം നാളെ നടക്കും. രാവിലെ 6.30ന് ഗണപതിഹോമം, 8ന് അഖണ്ഡനാമജപം, 8.15ന് നാഗർക്ക് ഊട്ട്, 9.30ന് സമൂഹപൊങ്കാല, 11.30ന് സമൂഹസദ്യ, വൈകിട്ട് 5ന് ഭഗവതിസേവ, രാത്രി 8.30ന് കോമഡിഷോ.

## കിളിമാനൂരിൽ കവർച്ചാ ശ്രമം

കിളിമാനൂർ: കിളിമാനൂർ ടൗണിൽ പഴയപാലത്തിന് സമീപം പാൽസൊസൈറ്റിയിലും സമീപമുള്ള മൂന്ന് കടകളിലും ഇന്നലെ രാത്രി കവർച്ചാ ശ്രമം നടന്നു. പാൽ സൊസൈറ്റിയുടെയും കടകളുടെയും പിൻവാതിലുകൾ തകർത്തായിരുന്നു കവർച്ചാശ്രമം. പാൽ സൊസൈറ്റിയുടെ മുൻ വാതിൽ തകർത്ത് ചില്ലറ നാണയങ്ങൾ കവർന്നു. സമീപത്തുള്ള പണി സാധനങ്ങൾ സൂക്ഷിക്കുന്ന കടകൾ, റേഷൻ കട എന്നിവിടങ്ങളിലാണ് കവർച്ചാ ശ്രമം നടന്നത്.

# പി.കെ. കൃഷ്ണദാസിന്റെ സത്യഗ്രഹം രണ്ടാം ദിവസത്തിലേക്ക്

തിരുവനന്തപുരം: ശബരിമലയിലെ നിയന്ത്രണങ്ങൾക്കെതിരെ ബി.ജെ.പി മുൻ സംസ്ഥാന പ്രസിഡന്റ് പി.കെ.കൃഷ്ണദാസിന്റെ നിരാഹാര സത്യഗ്രഹം രണ്ടാം ദിവസത്തിലേക്ക് കടന്നു. ഇതോടെ സെക്രട്ടേറിയറ്റിന് മുന്നിൽ ബി.ജെ.പിയുടെ സത്യഗ്രഹം 48 ാം ദിവസത്തിലേക്ക് പ്രവേശിച്ചു. നാളെ രാവിലെ സത്യാഗ്രഹം അവസാനിപ്പിക്കുന്നതോടെ സമരം 50 ദിവസം പൂർത്തിയാക്കും. ബി.ജെ.പി സംസ്ഥാന ജനറൽ സെക്രട്ടറി എ.എൻ. രാധാകൃഷ്ണനാണ് സത്യഗ്രഹം ആരംഭിച്ചത്. തുടർന്ന് മുൻ സംസ്ഥാന പ്രസിഡന്റ് സി.കെ.പദ്മനാഭൻ, ജനറൽ സെക്രട്ടറി ശോഭാസുരേന്ദ്രൻ, വൈസ് പ്രസിഡന്റുമാരായ എൻ.ശിവരാജൻ, പി.എം. വേലായുധൻ, മഹിളാ മോർച്ച പ്രസിഡന്റ് പ്രൊഫ. വി.ടി.രമ എന്നിവരാണ് ഇതുവരെ നിരാഹാര മനുഷ്ഠിച്ചത്. നേരത്തെ 22 ന് ഉപവാസം അവസാനിപ്പിക്കാനായിരുന്നു പരിപാടി. എന്നാൽ സുപ്രീംകോടതി റിവ്യൂ ഹർജി പരിഗണിക്കുന്നത് വൈകുന്നതിനാൽ തിയതിയിൽ വീണ്ടും അനിശ്ചിതത്വമായി. നാളെ അയ്യപ്പഭക്തജന സംഗമം നടക്കുന്നതിനാൽ അതിന് മുമ്പ് ഉപവാസം അവസാനിപ്പിക്കാനാണ് സാദ്ധ്യത. ഇന്ന് തലസ്ഥാനത്ത് ചേരുന്ന ബി.ജെ.പി നേതൃയോഗം സമരം അവസാനിപ്പിക്കുന്നത് സംബന്ധിച്ച അന്തിമ തീരുമാനമെടുക്കും.

## ബൈക്ക് പോസ്റ്റിലിടിച്ച് യുവാവ് മരിച്ചു

കടയ്ക്കാവൂർ: ബൈക്ക്പോസ്റ്റിലിടിച്ച് യുവാവ് മരിച്ചു. അഞ്ചുതെങ്ങ് മണ്ണാംകുളം പി.എം.ഹൗസിൽ ജോസഫ് (19) ആണ് മരിച്ചത്. കൂടെയുണ്ടായിരുന്ന സുഹൃത്ത് റീനാമൻസിലിൽ സുധീർ ഗുരുതരപരിക്കുകളോടെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. ഇന്നലെ രാത്രി നെടുങ്കണ്ട കോവിൽതോട്ടം ക്ഷേത്രത്തിന് സമീപമായിരുന്നു അപകടം നടന്നത്. ഉടൻ തന്നെ രണ്ട്പേരെയും മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജോസഫിന്റെ ജീവൻ രക്ഷിക്കാനായില്ല. അഞ്ചുതെങ്ങ് പൊലീസ് കേസെടുത്തു.

### സ്വകാര്യബസിടിച്ച് ആന ഇടഞ്ഞു

കൊല്ലം: ദേശീയപാതയിൽ സ്വകാര്യബസ് ഇടിച്ചതിനെ തുടർന്ന് ആന ഇടഞ്ഞു. അരമണിക്കൂറോളം ഗതാഗതം തടസപ്പെടുത്തി. വള്ളിക്കീഴിന് സമീപം പൂവൻപുഴയിലാണ് സംഭവം. അരമണിക്കൂറിന് ശേഷം പാപ്പാന്മാർ ആനയെ തളച്ചു.

■ മംഗലത്തുകോണം അപകടം

# ബൈക്ക് മതിലിലും പോസ്റ്റിലുമിടിച്ച് രണ്ട് വിദ്യാർത്ഥികൾ മരിച്ചു



*സുജിൻ*



*അശ്വിൻ*

ബാലരാമപുരം: മംഗലത്തുകോണം ചാവടിനട റോഡിൽ പള്ളിക്ക് സമീപം ബൈക്ക് നിയന്ത്രണം വിട്ട് മതിലിലും പോസ്റ്റിലുമിടിച്ച് രണ്ട് കോളേജ് വിദ്യാർത്ഥികൾ മരിച്ചു.

നെല്ലിവിള പുത്തൻവീട്ടിൽ മുരുകൻ- രാഖി ദമ്പതികളുടെ മകൻ അശ്വിൻ (19), മംഗലത്തുകോണം കീഴേതോട്ടം വിളയിൽതട്ട്‌വീട്ടിൽ സുദർശനൻ - ജയ ദമ്പതികളുടെ മകൻ സുജിൻ (21) എന്നിവരാണ് മരിച്ചത്. മരുതൂർക്കോണം പി.ടി. എം കോളേജിലെ ഒന്നാം വർഷ ഡിഗ്രി വിദ്യാർത്ഥികളാണ് ഇരുവരും. ഇന്നലെ വൈകിട്ട് നാല് മണി കഴിഞ്ഞാണ് സംഭവം. ക്ലാസ് കഴിഞ്ഞ് മടങ്ങവേയാണ് അപകടം നടന്നത്.

സുജിൻ ആയിരുന്നു ബൈക്ക് ഓടിച്ചിരുന്നത്. റോഡിൽ തെറിച്ചുവീണ് ചലനമറ്റ് കിടന്ന ഇരുവരെയും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചപ്പോഴേക്കും മരണം സംഭവിച്ചിരുന്നു.

ഇരുവരും ദിവസവും ഒരുമിച്ചാണ് കോളേജിൽ നിന്ന് മടങ്ങാറ്. നെല്ലിവിളയിൽ വീടിനോട് ചേർന്ന് മാവ്കച്ചവടം നടത്തുകയാണ് അശ്വിന്റെ പിതാവ് മുരുകൻ.

സുജിന്റെ പിതാവ് മംഗലത്തുകോണത്ത് ലോട്ടറി വില്പനക്കാരനും അമ്മ മുക്കോലയിലെ ബാർഹോട്ടൽ ജീവനക്കാരിയുമാണ്.

പോസ്റ്റ്മോർട്ടം കഴിഞ്ഞ് മൃതദേഹം ഇന്ന് ബന്ധുക്കൾക്ക് വിട്ടുകൊടുക്കും. പി.ടി.എം ഗ്രൂപ്പിലെ വിദ്യാലയങ്ങൾക്ക് ഇന്ന് അവധിയായിരിക്കുമെന്ന് സ്കൂൾ മാനേജർ അറിയിച്ചു.

## അശ്വിന്റെയും സുജിന്റെയും വേർപാടിൽ വിതുമ്പി വീട്ടുകാർ

ബാലരാമപുരം: ഏറെ വൈകിയാണ് തങ്ങളുടെ മക്കളുടെ മരണവാർത്ത വീട്ടുകാർ അറിഞ്ഞത്. നെല്ലിവിളയിൽ മുരുകൻ-രാഖി ദമ്പതികളുടെ പൊന്നോമന പുത്രനാണ് അശ്വിൻ. ആരുമായും അടുത്ത് ഇടപഴകാറില്ലെങ്കിലും നാട്ടിൽ എല്ലാവർക്കും അശ്വിനെ വളരെ കാര്യമാണ്.

ബൈക്ക് ഓടിക്കാൻ അറിയില്ലെങ്കിലും അച്ഛൻ മുരുകന്റെ ആക്ടീവയെടുത്ത് ചെറിയ ഭയത്തോടെ പുറത്തൊക്കെ അത്യാവശ്യ കാര്യങ്ങൾക്ക് പോയിവരും.

ഞെട്ടലോടെയാണ് അശ്വിന്റെ മരണവാർത്ത മുരുകന്റെ ചേട്ടൻ അശോകൻ ആദ്യം അറിയുന്നത്. ഉടൻ തന്നെ അദ്ദേഹം മെഡിക്കൽ കോളേജിൽ എത്തി. തുടർന്ന് മുരുകനെയും അടുത്ത ബന്ധുക്കളെയും വിവരം അറിയിച്ചു. മരണം സ്ഥിരീകരിച്ചെങ്കിലും ഏറെ വൈകിയാണ് അശ്വിന്റെ മാതാവ് രാഖിയെ വിവരം ധരിപ്പിച്ചത്. സഹോദരി ഐശ്വര്യ പ്ലസ് വൺ വിദ്യാർത്ഥിയാണ്.

### സുജിന്റെ വിയോഗം കെടുത്തിയത് ജയയുടെ പ്രതീക്ഷകളെ

മംഗലത്തുകോണത്ത് കീഴേതട്ട് വിളയിൽതട്ട് വീട്ടിൽ സുദർശനൻ - ജയ ദമ്പതികളുടെ ഏക മകനാണ് സുജിൻ. ഒരു ഇടത്തരം കുടുംബമാണ് ഇവരുടേത്.

സുജിൻ പ്ലസ്ടു കഴിഞ്ഞ് പഠനം നിറുത്തിയെങ്കിലും പിന്നീട് പി.ടി.എം സ്കൂൾ ഒഫ് എഡ്യൂക്കേഷനിൽ ബി.കോം ഡിഗ്രി വിദ്യാർത്ഥിയായി അഡ്മിഷൻ നേടുകയായിരുന്നു. ഇതിനിടെ കുറച്ച്കാലം വർക്ക്ഷോപ്പ് മെക്കാനിക്കായി ജോലി നോക്കിയിരുന്നു. ഈ കുടുംബത്തിന്റെ ആകെയുള്ള പ്രതീക്ഷ ഏക മകനിലായിരുന്നു. പ്രത്യേകിച്ച് അമ്മ ജയയ്ക്ക്. ലോട്ടറി കച്ചവടക്കാരനാണ് സുജിന്റെ പിതാവ് സുദർശനൻ. മാതാവ് മുക്കോലയ്ക്ക് സമീപത്തെ ബാർ ഹോട്ടലിലെ ജീവനക്കാരിയാണ്. പ്രാരാബ്ദങ്ങൾ ഏറെയായതിനാൽ വളരെ പാടുപെട്ടാണ് ജയ ഈ ജോലി സംഘടിപ്പിച്ചത്. അപകടം നടന്ന സ്ഥലത്തു നിന്ന് കഷ്ടിച്ച് ഒരു കിലോമീറ്റർ അകലെയാണ് ഈ ബാർ ഹോട്ടൽ സ്ഥിതിചെയ്യുന്നത്. മകന്റെ ജീവൻ അപകടത്തിൽപ്പെട്ട് നഷ്ടപ്പെടുമ്പോഴും ആ മാതാവ് ജോലിയിൽ വ്യാപൃതയായിരുന്നു.

ഏറെ വൈകിയാണ് ബന്ധുക്കൾ മരണവിവരം ജയയെ ധരിപ്പിച്ചത്. ആ വിവരം അവർക്ക് താങ്ങാവുന്നതിലും അപ്പുറമായിരുന്നു.

# അരങ്ങിലെ നടനപ്രമാണി എൺപതിന്റെ നിറവിൽ

■ പിറന്നാൾ ആഘോഷം ഇന്ന് അനന്തശയനം കല്യാണ മണ്ഡപത്തിൽ

▸ സുജിലാൽ കെ.എസ്



*നെല്ലിയോട് വാസുദേവൻ നമ്പൂതിരി*

തിരുവനന്തപുരം : ആട്ടക്കഥയിലെ കഥാപാത്രങ്ങളെ മനോധർമ്മത്തിലൂടെ അവതരിപ്പിച്ച് ആസ്വാദകരുടെ ആദരവ് ഏറ്റുവാങ്ങിയ കഥകളിയുടെ കുലപതി നെല്ലിയോട് വാസുദേവൻ നമ്പൂതിരിക്ക് എൺപത് വയസ്.

നിത്യമനോധർമ്മവും നൈമിത്തിക മനോധർമവും ആടിത്തകർക്കുന്ന കുലപതിയുടെ കലാസപര്യയ്ക്ക് അറുപത്തിരണ്ട് വർഷവും. വിദേശത്തടക്കം ആയിരക്കണക്കിന് വേദികളിലൂടെ കലാസപര്യ തുടരുകയാണ് അരങ്ങുകളുടെ കുലപതി.

എറണാകുളം ചേരാനല്ലൂർ നെല്ലിയോട് മനയിലാണ് ജനനം. വിഷ്ണു നമ്പൂതിരിയും പാർവതി അന്തർജ്ജനവുമാണ് മാതാപിതാക്കൾ. കല്യാണസൗഗന്ധികത്തിലെ കൃഷ്ണന്റെ വേഷത്തോടെയായിരുന്നു അരങ്ങേറ്റം.

അവിൽപ്പൊതിയുമായി കൃഷ്ണനെ കാണാൻ പോകുന്ന കുചേലബ്രാഹ്മണൻ - തിളങ്ങി നിൽക്കുന്ന കഥാപാത്രമാണ്. ചുവന്ന താടി, കരി, സുദാമാവ് എന്നിവമികച്ച വേഷങ്ങൾ.

എൺപതാം പിറന്നാൾ ആഘോഷത്തോടനുബന്ധിച്ച് ഇന്ന് രാവിലെ 10 ന് പടിഞ്ഞാറേകോട്ട അനന്തശയനം കല്യാണമണ്ഡപത്തിൽ ശിഷ്യരും ബന്ധുക്കളും ചേർന്ന് ആഘോഷപരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. സംഗീതക്കച്ചേരി, ചാക്യാർകൂത്ത്, തായമ്പക എന്നിവയും ഇതോടൊപ്പം ഉണ്ടാകും.

### പുരസ്കാരങ്ങൾ

കേരള സർക്കാരിന്റെ കഥകളി പുരസ്കാരം. 2013 ൽ നേടി. കേന്ദ്ര സംഗീതനാടക അക്കാഡമി അവാർഡ്, കേരള കലാമണ്ഡലം, തുഞ്ചൻ സ്മാരക അവാർഡ്, കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം ഫെലോഷിപ്പ്.

### പിടികിട്ടാപ്പുള്ളി 27 വർഷത്തിനുശേഷം പിടിയിൽ

കോട്ടയം: പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ച മോഷ്ടാവ് 27 വർഷത്തിനുശേഷം പിടിയിൽ. തൃശ്ശൂർ പാലാഴി കൊറ്റിക്കൽ വീട്ടിൽ ശിവദാസനെയാണ് ഗാന്ധിനഗർ എസ്.ഐ മനു വി നായർ അറസ്റ്റ് ചെയ്തത്. പ്രതിയെ ഇന്ന് കോടതിയിൽ ഹാജരാക്കും.

1992 ൽ ഗാന്ധിനഗറിൽ കവർച്ച നടത്തിയ ശിവദാസൻ ജാമ്യം എടുത്തശേഷം ഒളിവിൽ പോവുകയായിരുന്നു.

വളാഞ്ചേരിയിൽ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥൻ ചമഞ്ഞ് ആളുകളെ ഭീഷണിപ്പെടുത്തി പണം കവർന്ന കേസിലും ഇയാൾ പ്രതിയാണെന്ന് പൊലീസ് വ്യക്തമാക്കി. മോഷണക്കേസുകൾ ഉൾപ്പെടെ പതിനഞ്ചോളം കേസുകൾ വിവിധ ജില്ലകളിലായി ഇയാൾക്കെതിരെ നിലവിലുണ്ട്.